**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5046** **20-07-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹൈവേ വികസനത്തിനായി ഏറ്റെടുത്ത ദേവസ്വം ബോർഡ് വക ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് എവിടെയൊക്കെ ദേവസ്വം ബോർഡ് വക ഭൂമി ഏറ്റെടുത്തിട്ടുണ്ട്; | (എ) | നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് വക ഭൂമി ഏറ്റെടുത്തത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം എ-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | അതിൽ ഏതിനൊക്കെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; | (ബി) | മറുപടി അനുബന്ധം ബി-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | ഏറ്റെടുത്ത ദേവസ്വം ബോർഡ് വക ഭൂമിയിൽ ഏതിനെങ്കിലും നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും സാങ്കേതികമോ നിയമപരമോ ആയ തടസം ഉണ്ടോ ; | (സി) | മറുപടി അനുബന്ധം ബി-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത തടസം പരിഹരിക്കുന്നതിനും ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള വസ്തുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | മറുപടി അനുബന്ധം ബി-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം എ**

| | |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം ജില്ലയിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കൈവശത്തിലുള്ള കഴക്കൂട്ടം വില്ലേജിലെ 0.0132 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| കൊല്ലം | പന്മന വില്ലേജിൽ ബ്ലോക്ക് നമ്പർ 18, റീസർവ്വെ 322/2 –ൽ പ്പെട്ടതും കാമൻകുളങ്ങര ദേവസ്വം ബോർഡ് കൈവശത്തിലുള്ളതുമായ 0.0557 ഹെക്ടർ, ചവറ വില്ലേജിൽ ബ്ലോക്ക് നമ്പർ 19, റീസർവ്വേ 432/2–ൽ പ്പെട്ടതും കൊറ്റൻകുളങ്ങര ക്ഷേത്രത്തിന്റെ കൈവശത്തിലുള്ളതുമായ 0.0546 ഹെക്ടർ, നീണ്ടകര വില്ലേജിൽ ബ്ലോക്ക് നമ്പർ 22, റീസർവ്വെ 153/9 –ൽ പ്പെട്ട 0.0062 ഹെക്ടർ സ്ഥലം എന്നിങ്ങനെ 0.1165 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, കരുനാഗപ്പള്ളി വില്ലേജിലെ കരുനാഗപ്പള്ളി മഹാദേവ ക്ഷേത്രം വക വസ്തു, ആദിനാട് വില്ലേജിലെ പുതിയകാവ് ക്ഷേത്രം വക വസ്തു, കുലശേഖരമംഗലം വില്ലേജിലെ പുലിയൻകുളങ്ങര ക്ഷേത്രം വക വസ്തു എന്നിങ്ങനെയുള്ള ദേവസ്വം ബോർഡ് വക വസ്തുക്കൾ ദേശീയപാത വികസനത്തിന് ഏറ്റെടുക്കുന്നതിൽ ഉൾപ്പെടുന്നവയാണ്. |
| ആലപ്പുഴ | ആലപ്പുഴ ജില്ലയിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ കേസുകൾ ചുവടെ ചേർക്കുന്നു.<br><br><u>കാർത്തികപ്പള്ളി താലൂക്ക്</u><br>1. കരുവാറ്റ തിരുവിലഞ്ഞാൽ ക്ഷേത്രം<br>2. നങ്ങ്യാർകുളങ്ങര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം.<br>3. കാഞ്ഞൂർ ശ്രീദുർഗ്ഗാദേവി ക്ഷേത്രം<br>4. രാമപുരം ക്ഷേത്രം<br>5. കൃഷ്ണപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം<br><br><u>അമ്പലപ്പുഴ താലൂക്ക്</u><br>1. വണ്ടാനം ക്ഷേത്രം<br>2. നീർക്കുന്നം ക്ഷേത്രം<br>3. ഇരട്ടക്കുളങ്ങര ക്ഷേത്രം<br>4. നവരാക്കൽ ക്ഷേത്രം<br>5. ആനന്ദേശ്വര ക്ഷേത്രം<br>6. ഉരിയടി ഉണ്ണി തേവർ ക്ഷേത്രം<br>7. മുരിക്കവേലിൽ ക്ഷേത്രം<br>8. വലിയ കലവൂ ക്ഷേത്രം<br>9. ചെറിയ കലവൂർ ക്ഷേത്രം<br><br><u>ചേർത്തല താലൂക്ക്</u><br>1. പട്ടണക്കാട് ക്ഷേത്രം<br>2. ഉറവൂർ മഹാക്ഷേത്രം (3 എ വിജ്ഞാപനം പുറപ്പെടുവിച്ചു.<br>(ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള 3 ഡി വിജ്ഞാപനം നൽകിയിട്ടില്ല) |

| | |
|---|---|
| എറണാകുളം | എറണാകുളം ജില്ലയിൽ ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി പറവൂർ താലൂക്ക്, കോട്ടുവള്ളി വില്ലേജ് സർവ്വെ നമ്പർ 194/3-33 നമ്പറിൽ 0.0032 ഹെക്ടർ ഗുരുവായൂർ ദേവസ്വം വക ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. |
| തൃശ്ശൂർ | ദേശീയപാത - 47<br>നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തൃശ്ശൂർ ജില്ല ചാലക്കുടി താലൂക്ക് കിഴക്കുമുറി വില്ലേജിൽ ചിറങ്ങര ക്ഷേത്രം വക കിഴക്കുമുറി സർവ്വേ 401/4B യിൽ 0.1716 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്.<br>ദേശീയപാത -66<br>തൃശ്ശൂർ ജില്ലയിലെ ദേശീയപാത-66 വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുപ്പിൽ ദേവസ്വം വക ഭൂമി ഉൾപ്പെട്ടിട്ടില്ലാത്തതാണ്. |
| മലപ്പുറം | മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കൊണ്ടോട്ടി താലൂക്കിൽ ചേലേമ്പ്ര വില്ലേജിൽ ബ്ലോക്ക് 1, റീസർവ്വെ 165/2, 0.1401 ഹെക്ടർ ഭൂമി (തിരുവങ്ങാട് ദേവസ്വം) നാഷണൽ ഹൈവേ ഏറ്റെടുത്തിട്ടുണ്ട്. |
| കണ്ണൂർ | ദേശീയപാതാ വികസനത്തിനായി കണ്ണൂർ ജില്ലയിൽ ക്ഷേത്രങ്ങളുടെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |

**അനുബന്ധം ബി**

| ജില്ല | ഉത്തരം (ബി) | ഉത്തരം (സി) | ഉത്തരം (ഡി) |
|---|---|---|---|
| തിരുവനന്തപുരം | ഏറ്റെടുത്ത ഭൂമിയിലെ ചമയങ്ങളുടെ നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കൈവശത്തിലുള്ള കഴക്കൂട്ടം വില്ലേജിലെ 0.0132 ഹെക്ടർ ഭൂമി നിലവിലെ റിക്കാർഡുകൾ പ്രകാരം സർക്കാർ ഭൂമിയായിട്ടാണ് കാണപ്പെടുന്നത്. ഭൂമി ദേവസ്വം ബോർഡിന്റേതാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക നൽകുന്നതാണ്. | |
| കൊല്ലം | പ്രസ്തുത ദേവസ്വം ബോർഡ് വക ഭൂമികൾക്ക് ഒന്നിനും നഷ്ടപരിഹാരം നൽകിയിട്ടില്ല | ഏറ്റെടുക്കുന്ന ഭൂമിയുടെ അവകാശം തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ദേവസ്വം ബോർഡ് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് | |
| ആലപ്പുഴ | പ്രസ്തുത ദേവസ്വം ബോർഡ് വക ഭൂമികൾക്ക് ഒന്നിനും നഷ്ടപരിഹാരം നൽകിയിട്ടില്ല | ഏറ്റെടുക്കുന്ന ഭൂമിയുടെ അവകാശം തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ദേവസ്വം ബോർഡ് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. | |
| എറണാകുളം | പറവൂർ താലൂക്ക്, കോട്ടുവള്ളി വില്ലേജ് സർവ്വെ നമ്പർ 194/3-33 ൽ ഗുരുവായൂർ ദേവസ്വം വക 0.0032 ഹെക്ടർ ഭൂമിക്ക് 9,90,332.93/- രൂപ നഷ്ടപരിഹാരം ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ പേരിൽ അനുവദിച്ചു. | ഭൂമിക്ക് നഷ്ടപരിഹാരം അനുവദിച്ചു നടപടി പൂർത്തിയായിട്ടുള്ളതാണ്. | |
| തൃശ്ശൂർ | <u>ദേശീയപാത-47</u><br>കിഴക്കുമുറി സർവ്വെ 401/4 ബി യിൽ 0.1716 ഹെക്ടർ ഭൂമിക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതാണ്. | <u>ദേശീയപാത-47</u><br>3 ഡി വിജ്ഞാപന പ്രകാരം ചിറങ്ങര ക്ഷേത്രം പേരിൽ ഉൾപ്പെട്ട മുഴുവൻ ഭൂമിക്കും (0.1716 ഹെക്ടർ) നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതാണ്.<br><br>എന്നാൽ കൊച്ചിൻ ദേവസ്വം ബോർഡ്, സർവ്വെ 401/4 ബി | <u>ദേശീയപാത-47</u><br>കൊച്ചിൻ ദേവസ്വം ബോർഡ് നൽകിയ പരാതിയിന്മേലുള്ള ബഹു.ഹൈക്കോടതി വിധി (DBP 29/17) ന് അനുസൃതമായി സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ), |

| | | | |
|---|---|---|---|
| | | യിൽ ഉൾപ്പെട്ട 0.0080 ഹെക്ടർ ഭൂമിക്കും 403/2–ൽ ഉൾപ്പെട്ട 0.0458 ഹെക്ടർ ഭൂമിക്കും നഷ്ടപരിഹാരം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുള്ളതാണ്. എന്നാൽ ദേവസ്വം ഭൂമിയാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ നഷ്ടപരിഹാരം അനുവദിക്കാൻ സാധിക്കാത്തതാകുന്നു. | എൻ.എച്ച്.ഡി.പി, തൃശ്ശൂർ കാര്യാലയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ പ്രസ്തുത വിഷയത്തിൽ ജില്ലാ ലോ ഓഫീസറുടെ നിയമോപദേശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതു മാണ്. |
| മലപ്പുറം | നഷ്ടപരിഹാരം നൽകിയിട്ടില്ല | നഷ്ടപരിഹാരം അനുവദിക്കുന്നതിന് ആവശ്യമായ പൂർണ്ണമായ രേഖകൾ സമർപ്പിച്ചിട്ടില്ല. | രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |
| കണ്ണൂർ | ക്ഷേത്രങ്ങളുടെ അധീനതയിലുള്ള ഭൂമി ഏറ്റെടുത്തതിന് നഷ്ടപരിഹാരം നിർണ്ണയിച്ചിരുന്നുവെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിനാൽ നഷ്ടപരിഹാരം നൽകിയിട്ടില്ല. നിർണയിച്ച നഷ്ടപരിഹാരതുക 1956 –ലെ ദേശീയപാത നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബഹു.ജില്ലാ കോടതി യിലേക്ക് റഫർ ചെയ്തിരിക്കുകയാണ്. | ഇല്ല. ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്ന കേസുകളിൽ നഷ്ട പരിഹാരം നൽകുന്നതിന് യാതൊരു തടസ്സവുമില്ലാത്തതാണ്. | |